**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2142** **14-10-2024 - ൽ മറുപടിയ്ക്ക്**

**പെരിട്ടോണിയൽ ഡയാലിസിസിന് മരുന്ന് ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഹീമോഡയാലിസിസ് സിസ്റ്റം പൂർണ്ണമായും പ്രവർത്തന രഹിതമായതിനെ തുടർന്ന് പെരിട്ടോണിയൽ ഡയാലിസിസിലേക്ക് മാറേണ്ടിവന്ന വൃക്ക രോഗികൾ നേരിടുന്ന പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കുമോ; | (എ) | പെരിട്ടോണിയൽ ഡയാലിസിസിന് വിധേയമാകുന്ന വൃക്കരോഗികൾക്ക് വേണ്ടി കേരളത്തിലെ 14 ജില്ലകളിലും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പെരിട്ടോണിയൽ ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് Dialyzing Fluid PD2 1.5% 2000 ml, Dialyzing Fluid SOL 2.5 2000 ml, Mini Cap (CAPD), Titanium Adaptor (CAPD), Transfusion Set (CAPD), CAPD Dispo Effluent Bags/Cycler Drainage Set 3 Ltr / CAPD Simple Disconnect Set എന്നിവയാണ് ഡയാലിസിസിന് വേണ്ടി ലഭ്യമാക്കുന്നത്.<br><br>കേരളത്തിലെ 14 ജില്ലകളിലും ഓരോ സ്ഥാപനങ്ങൾ തെരഞ്ഞെടുത്ത് ഡയാലിസിസിന് ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് വേണ്ടി നാഷണൽ ഹെൽത്ത് മിഷന്റെ പി.എം.എൻ.ഡി.പി ഫണ്ടിൽ നിന്ന് 9,90,45,000 (ഒമ്പത് കോടി തൊണ്ണൂറ് ലക്ഷത്തി നാൽപ്പത്തയ്യായിരം രൂപ ) താഴെ പറയും പ്രകാരം അനുവദിച്ചിട്ടുണ്ട്.<br><br>1.തിരുവനന്തപുരം - തിരുവനന്തപുരം ജനറൽ ആശുപത്രി - 80,00,000/-(എൺപത് ലക്ഷം രൂപ മാത്രം)<br><br>2.കൊല്ലം - കൊല്ലം ജില്ലാ ആശുപത്രി - 80,00,000/-(എൺപത് ലക്ഷം രൂപ മാത്രം)<br><br>3.പത്തനംതിട്ട – പത്തനംതിട്ട ജനറൽ ആശുപത്രി - 60,00,000/-(അറുപത് ലക്ഷം രൂപ മാത്രം)<br><br>4.ആലപ്പുഴ - ആലപ്പുഴ ജനറൽ ആശുപത്രി - 80,00,000/-(എൺപത് ലക്ഷം രൂപ മാത്രം)<br><br>5.കോട്ടയം - കോട്ടയം ജനറൽ ആശുപത്രി - 60,00,000/-(അറുപത് ലക്ഷം രൂപ മാത്രം) |

| | | | |
|---|---|---|---|
| | | | 6.ഇടുക്കി - തൊടുപുഴ ജില്ലാ ആശുപത്രി-60,00,000/-(അറുപത് ലക്ഷം രൂപ മാത്രം)<br><br>7.എറണാകുളം - എറണാകുളം ജനറൽ ആശുപത്രി -80,00,000/-(എൺപത് ലക്ഷം രൂപ മാത്രം)<br><br>8.തൃശ്ശൂർ – തൃശ്ശൂർ ജനറൽ ആശുപത്രി - 60,00,000/-(അറുപത് ലക്ഷം രൂപ മാത്രം)<br><br>9.പാലക്കാട് - പാലക്കാട് ജില്ലാ ആശുപത്രി - 1,00,00,000/-(ഒരു കോടി രൂപ മാത്രം)<br><br>10.മലപ്പുറം - തിരൂർ ജില്ലാ ആശുപത്രി - 80,00,000/-(എൺപത് ലക്ഷം രൂപ മാത്രം)<br><br>11.കോഴിക്കോട് - കോഴിക്കോട് ജനറൽ ആശുപത്രി - 60,45,000/-(അറുപത് ലക്ഷത്തി നാല്പത്തി അയ്യായിരം രൂപ മാത്രം)<br><br>12.വയനാട് - മാനന്തവാടി ജില്ലാ ആശുപത്രി - 70,00,000/-(എഴുപത് ലക്ഷം രൂപ മാത്രം)<br><br>13.കണ്ണൂർ - കണ്ണൂർ ജില്ലാ ആശുപത്രി - 60,00,000/-(അറുപത് ലക്ഷം രൂപ മാത്രം)<br><br>14.കാസറഗോഡ് - കാസറഗോഡ് ജനറൽ ആശുപത്രി - 60,00,000/-(അറുപത് ലക്ഷം രൂപ മാത്രം) |
| (ബി) | പെരിട്ടോണിയൽ ഡയാലിസിസിന് വിധേയരായ രോഗികൾക്ക് ഡയാലിസിസിനായി സൗജന്യമായി ലഭിച്ചു കൊണ്ടിരുന്ന മരുന്നുകൾ മാസങ്ങളായി ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മരുന്ന് ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | (ബി) | ഇല്ല.<br><br>കേരളത്തിലുടനീളമുള്ള വൃക്കരോഗികൾക്ക് ഡയാലിസിസ് ഫ്ലൂയിഡും, മറ്റ് അനുബന്ധ സമഗ്രികളും ലഭ്യമാകുന്നതിനായി പതിനഞ്ചാമത് ഫിനാൻസ് കമ്മീഷന്റെ ഭാഗമായി ദേശീയ ആരോഗ്യ ദൗത്യം മുഖേന ഫണ്ട് അനുവദിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലകളിൽ നിന്നും ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർ, ദേശീയ ആരോഗ്യ ദൗത്യം വഴി അപേക്ഷകൾ ലഭ്യമാകുന്ന മുറക്ക് കോർപ്പറേഷൻ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി സംഭരിച്ചു നിലവിൽ വിതരണം ചെയ്തു വരികയും ചെയുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന അപേക്ഷകൾക്ക് ആനുപാതികമായി തുക കൈമാറികിട്ടുന്ന മുറക്ക് ഡയാലിസിസ് ഫ്ലൂയിഡും, മറ്റ് അനുബന്ധ സമഗ്രഹികളും അതാത് ആരോഗ്യ സ്ഥാപനങ്ങളിലേക്ക് കാരുണ്യ വഴി വിതരണം ചെയ്തു വരുന്നു. |

| | | | |
|---|---|---|---|
| | | | ഹീമോഡയാലിസിസ്, പെരിട്ടോണിയൽ ഡയാലിസിസ് എന്നീ ചികിത്സകൾക്കു വിധേയരായ രോഗികൾക്ക് നൽകിവരുന്ന അവശ്യമരുന്നു പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മരുന്നുകൾ സൗജന്യ ജനറിക് മരുന്നു വിതരണത്തിനുള്ള ഇൻഡന്റ് പ്രകാരവും, ദേശീയ ആരോഗ്യ ദൗത്യത്തിന്റെ പദ്ധതിയിലുൾപ്പെട്ട ഇൻഡന്റ് പ്രകാരവും ലഭ്യതയ്ക്ക് അനുസൃതമായി വിതരണം നടത്തിവരുന്നുണ്ട്. |
| (സി) | പെരിട്ടോണിയൽ ഡയാലിസിസിന് വിധേയമാകുന്ന മുഴുവൻ രോഗികൾക്കും ആയതിന് ആവശ്യമായ മരുന്നുകൾ സർക്കാർ ആശുപത്രികളിൽ സൗജന്യമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | പെരിട്ടോണിയൽ ഡയാലിസിസിന് വിധേയമാകുന്ന മുഴുവൻ രോഗികൾക്കും ആയതിന് ആവശ്യമായ മരുന്നുകൾ സർക്കാർ ആശുപത്രികളിൽ സൗജന്യമായി ലഭ്യമാക്കുന്നതിന് കേരളത്തിലെ 14 ജില്ലകളിലും ഓരോ സ്ഥാപനങ്ങൾ തെരഞ്ഞെടുത്ത് നാഷണൽ ഹെൽത്ത് മിഷന്റെ പി.എം.എൻ.ഡി.പി. ഫണ്ടിൽ നിന്ന് എല്ലാ ജില്ലകൾക്കും കൂടി മൊത്തം 9,90,45,000 (ഒമ്പത് കോടി തൊണ്ണൂറ് ലക്ഷത്തി നാൽപ്പത്തയ്യായിരം രൂപ ) രൂപ അടുത്ത സാമ്പത്തിക വർഷത്തേക്ക് അനുവദിച്ചിട്ടുണ്ട്. അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് മരുന്നുകൾ കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി സംഭരിച്ച് വിതരണം ചെയ്തു വരുന്നു. |
| (ഡി) | പെരിട്ടോണിയൽ ഡയാലിസിസിന്റെ ഭാഗമായി വരുന്ന ഉപയോഗശൂന്യമായ ബാഗുകൾ ആശുപതികളിൽ തന്നെ സ്വീകരിച്ച് സംസ്കരിക്കാനുള്ള സംവിധാനം ലഭ്യമാക്കുമോ? | (ഡി) | പെരിട്ടോണിയൽ ഡയാലിസിസിന്റെ ഭാഗമായി വരുന്ന ഉപയോഗശൂന്യമായ ബാഗുകൾ നിലവിൽ ആശുപത്രികളിൽ ശേഖരിച്ച് ഇമേജ് വഴിയാണ് സംസ്ക്കരിക്കുന്നത്. |

സെക്ഷൻ ഓഫീസർ